# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2270 — 17.02.2016 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ കീഴിലെ യൂത്ത് കോ-ഓർഡിനേറ്റർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എത്ര യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | എ) 759 പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരാണ് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. |
| ബി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതലകളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | ബി) പഞ്ചായത്ത്തല യുവജന ഏകോപന സമിതികൾ രൂപീകരിക്കുക എന്നതാണ് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രധാന ചുമതല. കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന ചുമതലകളും യൂത്ത് കോ-ഓർഡിനേറ്റർമാർ നിർവ്വഹിച്ചുവരുന്നു.<br><br>1) പഞ്ചായത്തിന്റെ അനുമതിയോടെ പഞ്ചായത്തിന് കീഴിലെ ഒരു സാംസ്കാരിക കേന്ദ്രത്തിലോ പഞ്ചായത്ത് അനുവദിക്കുന്ന മറ്റേതെങ്കിലും അനുയോജ്യമായ സ്ഥലത്തോ പഞ്ചായത്ത് യൂത്ത് സെന്റർ സ്ഥാപിക്കുക.<br><br>2) ആഴ്ചയിൽ 2 ദിവസമെങ്കിലും പഞ്ചായത്ത് സെക്രട്ടറി മുൻപാകെ റിപ്പോർട്ട് ചെയ്ത് ഹാജർ രേഖപ്പെടുത്തുക കൂടാതെ, യൂത്ത് ക്ലബ്ബുകൾ ബോർഡിന് നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് ശുപാർശ നൽകുക.<br><br>3) പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ 1% എങ്കിലും യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നുണ്ട് എന്ന് ഉറപ്പാക്കി, അതിനായി പഞ്ചായത്തിന്റെ പദ്ധതി രൂപീകരണവേളയിൽ തന്നെ സജീവമായി ഇടപെട്ട് യുവജനക്ഷേമ പ്രോജക്ടുകൾ സമർപ്പിക്കുക |

| | | |
|---|---|---|
| | | 4) ഗ്രാമസഭകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുവേണ്ടി യൂത്ത് ക്ലബ്ബുകളും യുവജന സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുകയും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.<br><br>5) ജില്ലാ യുവജന കേന്ദ്രം വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും മറ്റ് പരിപാടികളിൽ സജീവമായി സഹകരിക്കുകയും ചെയ്യുക.<br><br>6) ഭക്ഷ്യ സുരക്ഷ, സംരംഭകത്വം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യരക്ഷ, ദേശീയ മൂല്യങ്ങളുടെ പരിപോഷിപ്പിക്കൽ തുടങ്ങിയ രംഗങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുക.<br><br>7) എല്ലാ മാസവും 5-ാം തീയതിക്കകം കഴിഞ്ഞ മാസത്തിന്റെ പ്രവർത്തനറിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം ജില്ലാ യുവജന കേന്ദ്രങ്ങളിൽ എത്തിക്കുകയും എല്ലാ മാസവും 25-ാം തീയതിക്കകം അടുത്ത മാസത്തെ അഡ്വാൻസ് പ്രോഗ്രാം പ്ലാൻ പഞ്ചായത്ത് മുഖാന്തിരം ജില്ലാ യുവജന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുക. |
| സി) | ഇവരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ? | സി) എല്ലാ മാസങ്ങളിലും പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം സംബന്ധിച്ച് അതാത് ജില്ലകളിലെ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അവർ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം വിലയിരുത്തുകയും അതിൻ പ്രകാരം അവരുടെ ഓണറേറിയത്തിനുവേണ്ടി ശുപാർശയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**